ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ചൈനയിൽ ഇന്ന് ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും.

   **Defence Minister Rajnath Singh to Attend SCO Defence Ministers' Meeting Starting Today in China.**

2. ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് ബഹിരാകാശ യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കെത്തിക്കുന്ന ആക്സിയം-4 ദൗത്യം ഇന്ന്.

   **Axiom-4 Mission Launching Today to ISS with Indian Astronaut Shubhanshu Shukla Among Four Crew Members**

3. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്; ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കാൻ രാജ്യം.

   **Half a Century Since Emergency Was Declared in India; Nation Observes Samvidhan Hatya Diwas.**

4. ഭൂമി-ഡിജിറ്റൽ സർവ്വേ ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**CM Pinarayi Vijayan to Inaugurate 'Bhoomi' National Conclave on Land-Digital Survey in Thiruvananthapuram Today.**

5. പശ്ചിമേഷ്യ സാധാരണ നിലയിലേക്ക്. ഇറാനും ഇസ്രായേലും തമ്മിലുള്ള വെടിനിർത്തലിനെ സ്വാഗതം ചെയ്ത് ഇന്ത്യ.

**West Asia Returns to Normalcy; India Welcomes Ceasefire Between Iran and Israel.**

6. ചെക്ക് റിപ്പബ്ലിക്കിൽ നടന്ന ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് മീറ്റിൽ ഇന്ത്യയുടെ നീരജ് ചോപ്രക്ക് കിരീടം.

**India's Neeraj Chopra Clinches Title at Ostrava Golden Spike Meet in Czech Republic.**

**&&&&&&&&&&&&&&&&&&**

## PM-MAURITIUS CALL

പ്രധാനമന്ത്രി നരേന്ദ്ര മോദി മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗുലവുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനുള്ള പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു. ഗ്ലോബൽ സൗത് മേഖലയുടെ വികസനം ലക്ഷ്യമാക്കുന്ന ***മഹാസാഗർ*** ദർശനത്തിനും ഇന്ത്യയുടെ ***അയൽപക്കം ആദ്യം*** എന്ന

നയത്തിനും മികച്ച മാതൃകയാണ് മൗറീഷ്യസുമായുള്ള സഹകരണമെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH – SCO MEETING

ചൈനയിലെ ക്വിങ്ദാവോയിൽ ഇന്ന് ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നയിക്കും. രണ്ട് ദിവസത്തെ യോഗത്തിൽ, പ്രാദേശിക - അന്താരാഷ്ട്ര സുരക്ഷ, ഭീകരവാദവിരുദ്ധ പ്രവർത്തനം, സഹകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും. അന്താരാഷ്ട്ര സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് ശ്രീ രാജ്നാഥ് സിംഗ് വിശദീകരിക്കും. ചൈന, റഷ്യ എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിരോധ മന്ത്രിമാരുമായി രാജ്യരക്ഷാ മന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

## AJIT DOVAL

ഭീകരതയ്ക്കെതിരെ രാജ്യങ്ങൾ ഇരട്ടത്താപ്പ് സ്വീകരിക്കരുതെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. ഐക്യരാഷ്ട്രസഭ നിരോധിച്ച ഭീകരർക്കും സംഘടനകൾക്കുമെതിരെ ശക്തമായ നടപടികൾ

കൈക്കൊള്ളണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഷാങ്ഹായ് സഹകരണ സംഘടന അംഗരാജ്യങ്ങളിലെ സുരക്ഷാ കൗൺസിൽ സെക്രട്ടറിമാരുടെ 20-ാമത് യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഡോവൽ.

&&&&&&&&&&&&&&&&&&

## AXIOM-4 RESCHEDULED

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കെത്തിക്കുന്ന ആക്സിയം-4 ബഹിരാകാശ ദൗത്യം ഇന്ന്. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് ഇന്ന് ഉച്ചയ്ക്ക് 12:01 ന് വിക്ഷേപണം നടക്കും. നാളെ വൈകുന്നേരം ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്യുമെന്ന് ISRO സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. സാങ്കേതിക കാരണങ്ങളാൽ അഞ്ച് തവണയാണ് ദൗത്യം മാറ്റിവച്ചത്. നാസ, ആക്സിയം സ്പേസ്, സ്പേസ് എക്സ് എന്നിവയുടെ സംയുക്ത ബഹിരാകാശ ദൗത്യമാണ് ആക്സിയം-4.

&&&&&&&&&&&&&&&&&&

## SAMVIDHAN HATYA DIVAS

രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്. 1975 ജൂൺ 25 നാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. രാജ്യം ഈ ദിവസം സംവിധാൻ ഹത്യ ദിവസ്

ആയി ആചരിക്കുകയാണ്. അടിയന്തരാവസ്ഥക്കാലത്ത് കടുത്ത പീഡനങ്ങൾ നേരിടേണ്ടി വന്നവർക്കുള്ള ആദരവായാണ് കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം മുതൽ ദിനാചരണം സംഘടിപ്പിച്ചു വരുന്നത്. 1975 ൽ അധികാരത്തിലുണ്ടായിരുന്ന ഇന്ദിരാഗാന്ധി സർക്കാരാണ് രാജ്യത്ത് അടിയന്തരാവസ്ഥ നടപ്പാക്കിയത്.

&&&&&&&&&&&&&&&&&&

## AMIT SHAH -INTRO

ഭരണകൂടം സ്വേച്ഛാധിപത്യപരമായി മാറുമ്പോൾ നേരിടേണ്ടിവരുന്ന പ്രത്യാഘാതങ്ങൾ രാജ്യത്തിന്റെ ഓർമ്മയിൽ നിലനിർത്തുന്നതിനായാണ് ജൂൺ 25 'സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ഡോ. ശ്യാമ പ്രസാദ് മുഖർജി റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തിനുവേണ്ടിയുള്ള ലക്ഷക്കണക്കിന് മനുഷ്യരുടെ ത്യാഗത്തെ ഈ അവസരത്തിൽ സ്മരിക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. **(ഹോൾഡ്)**

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന്, മലയാള പരിഭാഷയും കേൾക്കാം. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**CM DIGITAL CONCLAVE**

ഭൂമി-ഡിജിറ്റൽ സർവ്വേ ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. നാളെയും മറ്റന്നാളും കോവളത്ത് കോൺക്ലേവും 28ന് ഫീൽഡ് സന്ദർശനവും നടക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള റവന്യൂ വകുപ്പ് മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. റവന്യൂ, സർവെ, ഭൂരേഖാ വകുപ്പുകൾ സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**INDIA ON IRAN ISRAEL CEASEFIRE**

ഇറാനും ഇസ്രായേലും തമ്മിലുള്ള വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ. സമാധാനം പുനഃസ്ഥാപിക്കാൻ

അമേരിക്കയും ഖത്തറും വഹിച്ച പങ്കിനെയും ഇന്ത്യ പ്രശംസിച്ചു. നയതന്ത്ര ചർച്ചകളാണ് മേഖലയിലെ സംഘർഷങ്ങൾ പരിഹരിക്കുന്നതിന് ഏറ്റവും മികച്ച മാർഗമെന്നും ആ ശ്രമങ്ങളിൽ പങ്കു ചേരാൻ ഇന്ത്യ തയ്യാറാണെന്നും വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ ആവർത്തിച്ചു. ശാശ്വത സമാധാനവും പ്രാദേശിക സുരക്ഷയും സംബന്ധിച്ച് ആശങ്ക തുടരുകയാണെന്നും വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## GUTERRES – CEASEFIRE

ഇസ്രയേലും ഇറാനും തമ്മിലുള്ള വെടിനിർത്തൽ പ്രഖ്യാപനത്തെ ഐക്യരാഷ്ട്ര സഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളും വെടിനിർത്തലിനെ പൂർണ്ണമായി മാനിക്കണമെന്നും യുദ്ധം അവസാനിപ്പിക്കണമെന്നും ഗുട്ടെറസ് അഭ്യർത്ഥിച്ചു. വെടിനിർത്തൽ ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നതായി ഇന്നലെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## IRAN ISRAEL – US PRESIDENT

പശ്ചിമേഷ്യ സാധാരണ നിലയിലേക്ക്. മേഖലയിൽ വ്യോമഗതാഗതം ക്രമേണ പുനരാരംഭിച്ചു. അതിനിടെ, ഇസ്രായേലും ഇറാനും വെടിനിർത്തൽ കരാർ ലംഘനം

നടത്തിയെന്ന വിമർശനവുമായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് രംഗത്ത് വന്നു. ഇറാനിൽ ബോംബുകൾ വർഷിക്കരുതെന്ന് ഇസ്രായേലിന് യുഎസ് പ്രസിഡന്റ് മുന്നറിയിപ്പ് നൽകി. ഇസ്രായേൽ വെടിനിർത്തൽ കരാർ പാലിക്കുന്നിടത്തോളം തന്റെ രാജ്യം കരാറിനെ മാനിക്കുമെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

**OPERATION SINDHU-INTRO**

ഇസ്രായേൽ - ഇറാൻ സംഘർഷത്തെ തുടർന്ന് ആരംഭിച്ച ഓപ്പറേഷൻ സിന്ധു ദൗത്യത്തിന്റെ ഭാഗമായി ഇതുവരെ ഇറാനിൽ നിന്ന് രണ്ടായിരത്തി അഞ്ഞൂറിലേറെ ഇന്ത്യക്കാർ മടങ്ങിയെത്തി. ശ്രീലങ്കൻ - നേപ്പാൾ പൗരന്മാരെയും ദൗത്യത്തിന്റെ ഭാഗമായി തിരികെയെത്താൻ ഇന്ത്യ സഹായിച്ചിരുന്നു. പൗരന്മാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരീത്ത പറഞ്ഞു.
**( വോയിസ്.....)**

&&&&&&&&&&&&&&&&&&

**NEERAJ CHOPRA**

ഇന്ത്യയുടെ ജാവലിൻ ത്രോ താരവും ഒളിമ്പിക് മെഡൽ ജേതാവുമായ നീരജ് ചോപ്രക്ക് ചെക്ക് റിപ്പബ്ലിക്കിൽ നടന്ന

ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് മീറ്റിൽ കിരീടം. ഇന്നലെ നടന്ന മത്സരത്തിൽ 85.29 മീറ്റർ എറിഞ്ഞാണ് നീരജ് സ്വർണ്ണം നേടിയത്. ദക്ഷിണാഫ്രിക്കയുടെ ഡൗ സ്മിറ്റ് രണ്ടാം സ്ഥാനവും ഗ്രാനഡയുടെ ആൻഡേഴ്സൺ പീറ്റേഴ്സ് മൂന്നാം സ്ഥാനവും നേടി.

&&&&&&&&&&&&&&&&&&

## TEST CRICKET-IND-ENG

ലീഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 5 വിക്കറ്റ് ജയം. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇംഗ്ലണ്ട് മുന്നിലെത്തി. അഞ്ചാമത്തെയും അവസാനത്തെയും ദിവസം ഇന്ത്യയുയർത്തിയ 371 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട് 5 വിക്കറ്റിന് 373 റൺസ് നേടുകയായിരുന്നു.

&&&&&&&&&&&&&&&&&&

## GOYAL – 5 TRILLION ECONOMY

ആഗോളതലത്തിലെ അനിശ്ചിതാവസ്ഥകൾക്കിടയിലും, 2027 ഓടെ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള പാതയിലാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. മർച്ചന്റ്സ് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സേവനം, സദ്ഭരണം, നവീകരണം എന്നിവയിൽ

അധിഷ്ഠിതമായ വികസനമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## IMD - WEATHER

തീരദേശ കർണാടക, ഗുജറാത്ത്, ഡൽഹി ഉൾപ്പെടെ വടക്കേ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രാജ്യത്തിൻറെ മധ്യമേഖലയിലും വടക്കുകിഴക്കൻ പ്രദേശങ്ങളിലും അടുത്ത 5 ദിവസം അതിതീവ്ര മഴ ലഭിക്കുമെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് കേരളത്തിൽ ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SHIVRAJ-MEETING

കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ വിക്സിത് കൃഷി സങ്കൽപ്പ് അഭിയാനെക്കുറിച്ചുള്ള ഉന്നതതല അവലോകന യോഗം ചേർന്നു. യോഗത്തിൽ രണ്ടായിരത്തി ഒരുനൂറിലധികം നോഡൽ ഓഫീസർമാർ കാമ്പെയ്നിൽ നിന്നുള്ള പ്രധാന കണ്ടെത്തലുകൾ, അനുഭവങ്ങൾ, പ്രായോഗികമായ ഉൾക്കാഴ്ചകൾ എന്നിവ അവതരിപ്പിച്ചു. വരുമാനം വർദ്ധിപ്പിക്കൽ, ഭക്ഷ്യസുരക്ഷ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഈ സംരംഭം തുടരുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&